പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(സാന്നിദ്ധ്യം:-പി.മേരിക്കുട്ടി , ഐ.എ.എസ്)

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - മലപ്പുറം ജില്ല - എടപ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എസ്.നിസ്സാറിനെ 2010-15 കാലയളവിൽ വ്യാജസർട്ടിഫിക്കറ്റുകളും, വ്യാജതീരുമാനങ്ങളും നൽകി ക്രമക്കേടുകൾ നടത്തിയതിന് അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു ഉത്തരവാകുന്നു.

പരാമർശം:
1. ശ്രീ.ഷാനവാസ്മാസ്റ്റർ 24.05.2017 ന് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ പരാതി
2. ഈ ഓഫീസിലെ 22.06.2017 ലെ ഇതേ നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ജോയിന്റ് ഡയറക്ട(വികസനം)റുടെ 14.07.2017 ലെ അന്വേഷണ റിപ്പോർട്ട്
4. ശ്രീ.എസ്.നിസ്സാർ, സെക്രട്ടറിയുടെ 19.08.2017 ലെ വിശദീകരണം

ഉത്തരവ് നമ്പർ. ഡി4-19191/2017 തീയതി: 19.09.2017

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എസ്.നിസ്സാറിനെതിരെ പരാമർശം (1) പ്രകാരം ലഭിച്ച പരാതിയിൻമേൽ പരാമർശം (2) പ്രകാരം അന്വേഷണം നടത്തി പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നിലം തരത്തിലുള്ള വസ്തുവിൽ കോഴിഫാം തുടങ്ങുന്നതിന് നമ്പർ നൽകിയതും, അസസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ലാത്ത കെട്ടിടങ്ങൾക്ക് ഉടമസ്ഥവകാശ സർട്ടിഫിക്കറ്റ് നൽകിയതും, ഭരണസമിതി യോഗം ചേരാതെയും, മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്താത്ത ഭരണസമിതി യോഗ തീരുമാനങ്ങൾ നൽകിയത്, സംബന്ധിച്ച് ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. ആയതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ.എസ്.നിസ്സാറിനോട് വിശദീകരണം ആവശ്യപ്പെടുകയും, പരാമർശം (4) പ്രകാരം വിശദീകരണം സമർപ്പിക്കുകയും ചെയ്തു.

ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും, ഗുരുതരമായ ക്രമക്കേടുകൾക്ക് ടിയാൻ ഉത്തരവാദിയായതിനാലും എടപ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എസ്.നിസ്സാറിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ വരുത്തയ്ക്ക വിധം സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ.എസ്.നിസ്സാറിന് നിയമാനുസൃതമുളള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

പി.മേരിക്കുട്ടി, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ.എസ്.നിസ്സാർ
സെക്രട്ടറി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്
(നിലവിൽ സെക്രട്ടറി, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്,മലപ്പുറം)
(മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്: 1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട് 'ഇ' സെക്ഷൻ
3. കരുതൽ/അധികം.

ഡി.4 സെക്ഷൻ